TRACT No : SH - 8

# “ സൗഖ്യമാകുവാൻ മനസ്സുണ്ടോ ? ”

മനുഷ്യർ പലവിധ വ്യാധികളാൽ വേദനയിലും ദുഃഖത്തിലും കഴിഞ്ഞുകൂടുന്നു. കഴിഞ്ഞ നൂറ്റാണ്ടിനേക്കാൾ വൈദ്യശാസ്ത്രം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പല തീരാവ്യാധികൾക്കും ഫലപ്രദമായ ഔഷധങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ രോഗങ്ങൾ പൂർണ്ണമായി നിയന്ത്രിക്കുവാൻ കഴിയുന്നില്ലാ എന്നു മാത്രമല്ല പുതിയ പുതിയ രോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ രോഗത്താലും ഭാരത്താലും കഷ്ടപ്പെടുവാനും ദുഃഖിക്കുവാനും ദൈവം ആഗ്രഹിക്കുന്നില്ല. *“ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു”* (പുറപ്പാട്. 15:26) എന്നു ദൈവം തന്നേതന്നെ വെളിപ്പെടുത്തുന്നു. ആധുനിക യുഗത്തിലും സകല രോഗങ്ങളെയും സൗഖ്യമാക്കുവാൻ ദൈവത്തിനു കഴിയും. അതേസമയം വൈദ്യശാസ്ത്രത്തെ ക്രിസ്തുമാർഗ്ഗം എതിർക്കുന്നില്ല. കാരണം രോഗനിർണ്ണയത്തിനും നിവാരണത്തിനുമുള്ള സകല ജ്ഞാനവും നൽകുന്നതു ദൈവമാണ്.

*“നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ ?”* ദൈവവചനമായ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു ചോദ്യമാണിത്. ഈ ഭാഗം ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു (യോഹന്നാൻ 5:2—9). *“യെരുശലേമിൽ ആട്ടു വാതിൽക്കൽ ബേഥെസ്ദാ എന്നു എബ്രായ പേരുള്ള ഒരു കുളം ഉണ്ട്; അതിന് അഞ്ചു മണ്ഡപം ഉണ്ട്. അവയിൽ വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ ഇങ്ങനെ വലിയൊരു കൂട്ടം [വെള്ളത്തിന്റെ ഇളക്കം കാത്തുകൊണ്ടു] കിടന്നിരുന്നു. [അതതു സമയത്തു ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും; വെള്ളം കലങ്ങിയശേഷം ആദ്യം ഇറങ്ങുന്നവൻ ഏതു വ്യാധിപിടിച്ചവനായിരുന്നാലും അവനു സൗഖ്യം വരും.] എന്നാൽ മുപ്പത്തെട്ടു ആണ്ടു രോഗം പിടിച്ചു കിടന്നൊരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. അവൻ കിടക്കുന്നതു യേശു കണ്ടു, ഇങ്ങനെ ഏറിയകാലമായിരിക്കുന്നു എന്നറിഞ്ഞു; നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്നു അവനോടു ചോദിച്ചു. രോഗി അവനോട്: യജമാനനേ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്കു ആരും ഇല്ല; ഞാൻ തന്നേ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു എന്നു ഉത്തരം പറഞ്ഞു. യേശു അവനോടു: എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തു നടക്ക എന്നു പറഞ്ഞു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു.”*

*‘‘നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ ?’’* എന്നു യേശുക്രിസ്തു ചോദിച്ചപ്പോൾ – എനിക്കു സൗഖ്യമാകുവാൻ മനസ്സുണ്ട് എന്നു പറയുന്നതിനു പകരം അവന്റെ ഉത്തരം: *“എനിക്കു ആരും ഇല്ല”* എന്നതായിരുന്നു. അവന്റെ നിസ്സഹായത അറിയിച്ചപ്പോൾ യേശുവിന് മനസ്സലിഞ്ഞു അവനോടു കല്പിച്ചു: *“എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക.”* 38 ദീർഘവർഷങ്ങളായി അവൻ എഴുന്നേറ്റു നടന്നിട്ടില്ല, ചുമടു ചുമന്നിട്ടില്ല. എന്നാൽ അവന് ഇതുവരെയും സ്വയമായി ചെയ്യാൻ കഴിയാത്ത കാര്യം വിശ്വാസത്താൽ ചെയ്യാൻ തന്നോടു കൽപ്പിച്ച ആജ്ഞാസ്വരം അനുസരിച്ച അവനു ബലം ലഭിച്ചു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു.

യേശുക്രിസ്തു ഇന്നും സകല രോഗങ്ങൾക്കും ദുഃഖങ്ങൾക്കും പ്രശ്നങ്ങൾക്കും ആശ്വാസദായകനാണ്. സാമ്പത്തിക ബുദ്ധിമുട്ടുകളാകട്ടെ, പ്രശ്നങ്ങളാകട്ടെ, യേശുക്രിസ്തു  ആശ്വാസവും വിടുതലും നൽകും. നാളുകളായി കഷ്ടതയും വേദനയും സഹിച്ച് രോഗിയായി, നിസ്സഹായനായി, ആശയറ്റവനായി ഇനി മരിച്ചാൽ മതി, അതു ആത്മഹത്യയായാലും മതി എന്നു സ്വയം ചിന്തിച്ചുകഴിയുന്ന പ്രിയ സ്നേഹിതാ ഈ യേശുക്രിസ്തുവിൽ ശരണപ്പെടുക. ശാരീരിക രോഗത്തേക്കാൾ വളരെ ഭയാനകവും മാരകവുമായ ഒരു രോഗമാണ് ആത്മാവിനുള്ള രോഗം അഥവാ പാപം.

[മറുപുറം]

ദേഹം, ദേഹി, ആത്മാവ് ഇവ മൂന്നും കൂടി ചേർന്നതാണ് മനുഷ്യൻ. ഒരു മനുഷ്യന് സമ്പൂർണ്ണമായ ആരോഗ്യമുണ്ടാകണമെങ്കിൽ അവന്റെ ശരീരാത്മദേഹിയിൽ സൗഖ്യം ലഭിക്കണം. ഇതിനുള്ള ഏകമാർഗ്ഗം കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ആത്മരക്ഷയാണ്. ശാരീരിക രോഗങ്ങൾ മാറ്റുവാൻ തീവ്രപ്രയത്നം നടത്തുന്നു; എന്നാൽ അനേകരും ആത്മാവിനെപ്പറ്റി ചിന്തിക്കുന്നതേയില്ല. 2000 വർഷങ്ങൾക്കു മുമ്പ് ബേഥെസ്ദാ എന്ന കുളക്കരയിൽ 38 വർഷങ്ങളായി സൗഖ്യമില്ലാതെ കിടന്നവന്റെ അടുക്കലേക്ക് ചെന്നു സൗഖ്യം നൽകിയ കർത്താവു മനസ്സലിവുള്ളവനായി താങ്കളുടെ സമീപത്തു വന്നിരിക്കുന്നു. **“നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ ?”** പാപസൗഖ്യവും രോഗസൗഖ്യവും പ്രാപിച്ചെടുക്കുക. പാപപരിഹാര കർമ്മങ്ങൾ, ദാനധർമ്മങ്ങൾ, നേർച്ചകാഴ്ചകൾ, ക്ഷുദ്രപ്രവൃത്തികൾ തുടങ്ങിയവയൊന്നും യഥാർത്ഥ സൗഖ്യദായക മാർഗ്ഗങ്ങളല്ല. ദൈവത്തിൽ ശരണപ്പെടാതെ, ദൈവവുമായി വ്യക്തിപരമായി ബന്ധം സ്ഥാപിക്കാതെ മതത്തിന്റെ മേൽവിലാസത്തിൽ ചെയ്യുന്ന ചികിത്സകൾക്കൊന്നും ആത്മിയസൗഖ്യം ലഭിക്കുന്നില്ല. മരണശേഷം ഒരു നിത്യതയുണ്ട്. ഈ നിത്യതയിൽ ദൈവത്തോടൊപ്പം വസിക്കണമെങ്കിൽ ആത്മിയ സൗഖ്യം പ്രാപിച്ച് ദൈവമകനാകണം. പാപസൗഖ്യം ഭൂമിയിൽ വച്ച് ദൈവത്തോട് അപേക്ഷിച്ചു പ്രാപിച്ചില്ലായെങ്കിൽ നിത്യത മുഴുവൻ നരകാഗ്നിയിൽ കിടന്നു യാതന അനുഭവിക്കേണ്ടിവരും. ആത്മിയസൗഖ്യം യേശുക്രിസ്തുവിൽ ഉള്ള വിശ്വാസത്താൽ പ്രാപിക്കാം. ഇതു പ്രാപിച്ച വ്യക്തി ദൈവമകനായിത്തീരുന്നു. തുടർന്ന് പിതാവും മകനും എന്ന ബന്ധത്തിൽ രോഗസൗഖ്യവും അപേക്ഷിച്ചുനേടാം. തിരുവചനം പറയുന്നു: *“അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു, നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു”* (സങ്കീർത്തനങ്ങൾ. 103:3).

പ്രിയ സ്നേഹിതാ, താങ്കൾക്ക് ഈ സൗജന്യമായ രക്ഷ, പാപസൗഖ്യം, ആവശ്യമെങ്കിൽ താഴെപറയുന്ന അപേക്ഷ വിശ്വാസത്തോടെ പ്രാർത്ഥിക്കുക– *“യേശു കർത്താവേ, ഞാൻ ഒരു പാപിയാണ്. എന്റെ പാപങ്ങൾ ക്ഷമിക്കേണമേ. എനിക്കുവേണ്ടി അങ്ങ് കാൽവറി ക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു, മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നു ഞാൻ ഹൃദയംകൊണ്ട് വിശ്വസിക്കുന്നു. അങ്ങയെ ഞാൻ എന്റെ കർത്താവും രക്ഷിതാവും ആയി സ്വീകരിക്കുന്നു. തുടർന്നുള്ള എന്റെ ജീവിതം അങ്ങയിൽ മാത്രം ആശ്രയിച്ചു ജീവിക്കുന്നതിനു ഞാൻ തീരുമാനിക്കുന്നു. എനിക്കു രോഗസൗഖ്യവും സകല ആശ്വാസങ്ങളും തരേണമേ.”*

ഈ പ്രാർത്ഥന വിശ്വാസത്തോടെ യേശുകർത്താവിനോടു പ്രാർത്ഥിച്ചു എങ്കിൽ താങ്കൾക്കു പാപസൗഖ്യം ലഭിച്ചു, രക്ഷിക്കപ്പെട്ടു ദൈവപൈതലായിത്തീർന്നിരിക്കുന്നു. സർവ്വശക്തനായ ദൈവം എല്ലാവിധ ആത്മീയഭൗതീക നന്മകളാൽ അനുഗ്രഹിച്ചു, സകല ആശ്വാസങ്ങളും ശാരീരിക സൗഖ്യവും നൽകുമാറാകട്ടെ.

*യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സുവിശേഷപുസ്തകങ്ങൾ, ബൈബിൾ (പുതിയനിയമം) എന്നിവ സൗജന്യമായി ലഭിക്കുന്നതിനും, താങ്കൾക്കായി പ്രാർത്ഥിക്കുന്നതിനും ദയവായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെട്ടാലും.*

Samson Henry
Zion, Aradhana Nagar - 22
Behind Sanker’s Hospital,
Kollam - 691 001
*(സാംസൺ ഹെൻറി, സീയോൻ, ആരാധന നഗർ –22, കൊല്ലം – 691 001)*
Phone: 0474-2741115, E-mail: biblegoodnews@gmail.com
Web: biblegoodnews.com